# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676 മുഖേന ഗ്രാമീണ മേഖലകളുടെ വികസനം</u>

3201 ശ്രീ. കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലകളുടെ വികസന മുന്നേറ്റം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഗ്രാമീണ മേഖലകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കാൻ നടപടി</u>

3202 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതി പ്രകാരം വികസിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഗ്രാമപഞ്ചായത്തുകൾ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ പദ്ധതി അംഗീകാരം</u>

3203 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തിലൂടെ നടപ്പിലാക്കേണ്ട പദ്ധതികൾ അംഗീകരിച്ച് നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) പദ്ധതി ചെലവുകൾ എത്ര ശതമാനം ലക്ഷ്യം കൈവരിച്ചു എന്ന് വിശദമാക്കാമോ;

(സി) സാമ്പത്തിക വർഷത്തെ ആദ്യഘട്ടം പദ്ധതി അംഗീകരിച്ചു നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പദ്ധതി രൂപീകരണം സംബന്ധിച്ച അവലോകനം</u>

3204 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
'' റ്റി. വി. രാജേഷ്
'' പുരുഷൻ കടലുണ്ടി
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 ലേക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പദ്ധതി രൂപീകരണം തൃപ്തികരമായ നിലയിലാണോ നടന്നുവരുന്നത് എന്നറിയിക്കാമോ;

(സി) പദ്ധതി രൂപീകരണപ്രക്രിയയ്ക്ക് തടസ്സം നില്ക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ദീര്‍ഘവീക്ഷണത്തോടെയുള്ള പദ്ധതി ആസൂത്രണം</u>

3205 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പഞ്ചായത്തുകളില്‍ ദീര്‍ഘവീക്ഷണത്തോടുകൂടി 5 വര്‍ഷത്തെ പദ്ധതികള്‍ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന വര്‍ഷങ്ങളായിട്ടുള്ള അഭിപ്രായം പ്രാവര്‍ത്തികമാക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പദ്ധതി രൂപീകരണം വൈകുന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ</u>

3206 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഉള്ളത് ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങളാണ് 2014-2015 വർഷത്തെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം നേടിയിട്ടുള്ളത്; ജില്ല തിരിച്ചും സ്ഥാപനങ്ങൾ തിരിച്ചും വ്യക്തമാക്കുമോ;

(സി) പദ്ധതി രൂപീകരണം വൈകുന്നത് മൂലം പദ്ധതികൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ധൃതിപിടിച്ച് നടപ്പിലാക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുട്ടികളുടെ ജനനസർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമം</u>

3207 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റുകളിൽ 6 വയസ്സിനും 14 വയസ്സിനും താഴെയുള്ള കുട്ടികളുടെ പേരിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) പേരിന്റെ സ്പെല്ലിംഗിൽ മാറ്റം വരുത്തുന്നതിന് ഇപ്പോൾ നിലവിലുള്ള നടപടിക്രമം വ്യക്തമാക്കാമോ;

(സി) സർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചില തദ്ദേശസ്വയംഭരണ മേലാധികാരികൾ ജനനസർട്ടിഫിക്കറ്റിന്റെ പേരിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>കെട്ടിട നികുതി പുതുക്കി നിശ്ചയിക്കാൻ ഏർപ്പെടുത്തിയ സംവിധാനം</u>

3208 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകൾക്കുള്ള കെട്ടിട നികുതി നിരക്ക് കണക്കാക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) കാലാകാലങ്ങളിൽ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും, പുതുക്കിയ നിരക്കിൽ നികുതി സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വീടുകൾക്ക് വരുത്തുന്ന മാറ്റത്തിനനുസരിച്ച് നികുതിയിൽ പുന:പരിശോധന നടത്തുവാനും, പുതുക്കിയ നിരക്കിൽ നികുതി ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഡി) നിലവിലുള്ള വീടുകൾക്ക് വരുത്തുന്ന ഏതു മാറ്റത്തിനും തദ്ദേശ സ്വയംഭരണ സ്ഥപനത്തിന്റെ അനുമതി നിർബന്ധമാക്കാനും, അതിനനുസരിച്ച് നികുതിയിൽ മാറ്റം വരുത്താനും ഇപ്പോൾ ഇത്തരം സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഇ) കെട്ടിട നികുതി കണക്കാക്കുന്നതിന് ഉള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിനുള്ള സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(എഫ്) തദ്ദേശ സ്ഥാപനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സായ കെട്ടിട നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് മറ്റേതെങ്കിലും ഏജൻസികളെ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>വസ്തു നികുതി പരിഷ്ക്കരണം</u>

3209 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്ക്കരണം ഏതു ഘട്ടത്തിലാണ്;

(ബി) എന്നുമുതലാണ് പുതിയ വസ്തു നികുതി പരിഷ്ക്കരണത്തിന്റെ നടപടികൾ ആരംഭിച്ചത്;

(സി) വസ്തു നികുതി പരിഷ്ക്കരണം യഥാസമയം നടത്താത്തതുമൂലം പഞ്ചായത്തുകൾക്കുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കണക്കാക്കുമോ?

(ഡി) വസ്തുനികുതി പരിഷ്ക്കരണം എന്ന് പൂർത്തിയാക്കുമെന്നാണ് കണക്കാക്കുന്നത് ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള ഡാറ്റാ ബാങ്ക്</u>

3210 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടങ്ങളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എല്ലാ പഞ്ചായത്തുകളും വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പഞ്ചായത്തുകൾ പൂർത്തിയാക്കിയെന്നും ഇനിയും പൂർത്തിയാക്കാനുള്ളവ എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ശേഷിക്കുന്നവയുടെ കാര്യത്തിൽ സമയപരിധി നിശ്ചയിച്ച് നടപടി പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പഞ്ചായത്തുകളിലെ അക്കൗണ്ട്സ് തയ്യാറാക്കാൻ സംവിധാനം

3211 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ അക്കൗണ്ട്സ് തയ്യാറാക്കുന്നത് നിലവിൽ ഏത് സംവിധാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഐ.കെ.എം. ന്റെ ഐ.ടി. വിദഗ്ദ്ധരുടെ സഹായത്തോടെയാണോ കണക്കുകൾ തയ്യാറാക്കുന്നത് എന്നറിയിക്കുമോ;

(സി) ഐ.ടി. വിദഗ്ദ്ധരുടെ പ്രവർത്തന കാലാവധി നീട്ടുന്നതിന് എഗ്രിമെന്റ് പുതുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ ഈ നിലപാട് കാരണം അക്കൗണ്ടിംഗ് പ്രവർത്തികൾ മുടങ്ങുമെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സർക്കാർ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>ഗ്രാമകേന്ദ്രങ്ങളുടെ നിർമ്മാണം</u>

3212 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വാർഡ് സഭ കൂടുന്നതിന് ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) ഈ ഗ്രാമകേന്ദ്രങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ്റ്റൻഷൻ സെന്ററുകളാക്കുമോ ; ഇവിടെ പ്രത്യേക സ്റ്റാഫിനെ നിയമിക്കുമോ ;

(സി) ഗ്രാമകേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവയുടെ നിർമ്മാണചുമതല ആർക്കാണ് ; എത്ര സ്ക്വയർ ഫീറ്റിലാണ് ഇത് നിർമ്മിക്കുന്നത് ; സ്ഥലമെടുപ്പ് ആവശ്യമുണ്ടെങ്കിൽ അത് ഏറ്റെടുക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തിന് കീഴിലുള്ള ഭൂമി വിട്ടു നൽകുന്നത്</u>
<u>ലളിതമാക്കാൻ നടപടി</u>

3213 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമി മറ്റ് സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നതിന് വളരെ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് നടപടിക്രമം ലളിതമാക്കി ഭൂമി കൈമാറുന്ന നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് നിലവിലുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം പല സർക്കാർ പദ്ധതികൾക്കും അനന്തമായ കാലതാമസം നേരിടുന്നതായും പല പദ്ധതികളും പലപ്പോഴും മുടങ്ങിപ്പോകാറുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ഭൂമി വിട്ടു നൽകാൻ നടപടി</u>

3214 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ള ഭൂമി റവന്യൂ ഭൂമിയല്ലാത്തവ സർക്കാർ ആശുപത്രികൾ ഹോസ്പിറ്റലുകൾ, റെസ്റ്റ് ഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് വിട്ടു നൽകുന്നതിന് നിയമതടസ്സമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പഞ്ചായത്തുകൾ വിലയ്ക്കു വാങ്ങിയതും പഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ളതുമായ ഭൂമി മറ്റ് വകുപ്പുകൾക്ക് വിട്ടുനൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>ഗ്രാമപഞ്ചായത്ത് വിലയ്ക്കു വാങ്ങിയ ഭൂമി</u>

3215 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വിലയ്ക്കു വാങ്ങിയിട്ടുള്ള ഭൂമി ആശുപത്രികൾ, ഹോസ്റ്റലുകൾ, ഫയർസ്റ്റേഷനുകൾ മുതലായ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി മറ്റു വകുപ്പുകൾക്ക് പഞ്ചായത്ത് വകുപ്പു തന്നെ കൈമാറുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾസഹിതം വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇത്തരത്തിൽ പഞ്ചായത്തു വകുപ്പ് ഇതര വകുപ്പുകൾക്ക് ഭൂമി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഖനനയൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പഞ്ചായത്ത് ലൈസൻസ്

3216 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനനയൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത് ലൈസൻസ് ആവശ്യമാണോ;

(ബി) എങ്കിൽ പഞ്ചായത്തുകൾ ലൈസൻസ് നൽകാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ കരിങ്കൽ ഖനനം</u>

3217 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ, കരിങ്കൽ ഖനനം എന്നിവയിൽ ലൈസൻസ് നൽകിയ വകയിൽ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് 2013-14 വർഷത്തിൽ ലൈസൻസ് ഫീ ഇനത്തിൽ എത്ര തുക ലഭിച്ചു എന്നത് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത ഖനനാനുമതി നൽകിയിട്ടുള്ളത് എന്ന് പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>പേപ്പട്ടി നിർമ്മാർജനം</u>

3218 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടികളെ നിർമ്മാർജ്ജനം ചെയ്യാനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദീകരിക്കുമോ;

(ബി) പേപ്പട്ടികളെയും പേയുണ്ടെന്നു സംശയിക്കുന്ന നായ്ക്കളെയും യുദ്ധകാലാടിസ്ഥാനത്തിൽ കൊല്ലാമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി നടപ്പാക്കുവാനുള്ള കാലതാമസം എന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ശുചിത്വഗ്രാമം പദ്ധതി</u>

3219 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, എം.എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ ശുചിത്വ ഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ശുചിത്വം ഗ്രാമ പദ്ധതി ആരു മുഖേനയാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>തൃപ്തി ന്യായവില ഭക്ഷണശാലകൾ</u>

T3220 ശ്രീ. എസ്. ശർമ്മ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃപ്തി ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) തൃപ്തി ഭക്ഷണശാലകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും ഇളവുകളും നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; ചെലവഴിച്ചതെത്ര;

(സി) പ്രഖ്യാപിക്കപ്പെട്ട സഹായങ്ങൾ നൽകാൻ കഴിയാത്തതുകൊണ്ടാണോ ഈ ഭക്ഷണശാലകൾ തുടങ്ങാൻ കഴിയാതെ പോയത്;

(ഡി) സ്വകാര്യ ഹോട്ടലുകളിൽ ചൂഷണവും ശുചിത്വമില്ലായ്മയും സാർവ്വത്രികമായ സാഹചര്യത്തിൽ സാധാരണ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>തൃപ്തി ഹോട്ടലുകൾ</u>

T3221 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ച തൃപ്തി ഹോട്ടലുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ;

(ബി) ഹോട്ടൽ ഭക്ഷണത്തിന്റെ വിലവർദ്ധനവും ശുചിത്വമില്ലായ്മയും പരിഗണിച്ച് തൃപ്തി ഹോട്ടലുകൾ അടിയന്തിരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഹോട്ടലുകൾ ആരംഭിക്കുന്നതിന് വ്യക്തികളേയും സ്ഥാപനങ്ങളേയും സഹകരിപ്പിക്കുന്നത് പരിശോധിക്കുമോ ;

(ഡി) എല്ലാ നിയോജകമണ്ഡലങ്ങളിലും തൃപ്തി ഹോട്ടലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ കേട്ടിടനിര്‍മ്മാണ ചട്ട ലംഘനം</u>

3222 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടനിര്‍മ്മാണ ചട്ടം ലംഘിക്കുന്നത് കണ്ടെത്തുന്നതിനും നടപടികള്‍ എടുക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പരാതി ലഭിക്കാതെ തന്നെ ഇത്തരത്തില്‍ എത്ര ലംഘനങ്ങള്‍ കണ്ടെത്തിയെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ തനത് പദ്ധതികൾ</u>

3223 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മഢ്ലത്തിൽ ഉൾപ്പെട്ട പത്തിയൂർ, കൃഷണ്പുരം, ഭരണിക്കാവ്, ചെട്ടികുളങ്ങര, ദേവികുളങ്ങര, കണ്ടല്ലൂർ പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയ തനത് പദ്ധതികൾ എന്തെല്ലാം ആണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചെന്നും ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും നാളിതുവരെ എത്ര രൂപ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ശുചിത്വമിഷന്റെ കീഴിലുള്ള ടോയ്‌ലറ്റ് നിർമ്മാണം</u>

3224 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, കൈനകരി, നെടുമുടി പഞ്ചായത്തുകളിൽ ശുചിത്വമിഷന്റെ കീഴിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനുള്ള 9.10.13-ലെ പുതിയ ടെണ്ടർ ടെക്നിക്കൽ ബിഡ് അംഗീകാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി ശ്മശാനം നിർമ്മാണം</u>

3225 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ, പൂക്കോട്ടുക്കാവ്, അമ്പലപ്പാറ ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതിനായി മന്ത്രിതലത്തിൽ എന്നാണ് യോഗം നടന്നതെന്നും ആരെല്ലാമാണ് പങ്കെടുത്തതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത യോഗത്തിന്റെ തീരുമാനം എന്തായിരുന്നു; അതിൽമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

(ഡി) യോഗത്തിലെ തീരുമാനത്തിൻ പ്രകാരം ഏതെല്ലാം ഉദ്യോഗസ്ഥൻമാരെയാണ് ശ്മശാനം നിർമ്മിക്കുന്നത് സംബന്ധിച്ച് ചുമതലകൾ ഏൽപിച്ചിരുന്നത്; വിശദമാക്കാമോ; അതിൽമേൽ പ്രസ്തുത ഉദ്യോഗസ്ഥർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

കാവന്നൂർ കുടിവെള്ള പദ്ധതി

3226 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ കാവന്നൂർ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സാമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേക്കായി തനത് ഫണ്ടിൽ നിന്നും പണം ചിലവഴിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് എന്താണ് കാരണമെന്നും അടിയന്തരമായി അനുമതി നൽകുമോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>മണൽവാരൽ ഇനത്തിൽ കോഴിക്കോട്ടെ പഞ്ചായത്തുകൾക്ക് ലഭിച്ച തുക</u>

3227 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുഴകളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകിയ ഇനത്തിൽ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് 2013-14 വർഷത്തിൽ എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾക്ക് എത്ര തുക വീതം ലഭിച്ചു എന്ന ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പഞ്ചായത്തുകളുടെ എസ്.സി.പി. ഫണ്ട് വിനിയോഗം

3228 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പഞ്ചായത്തുകളിലെ എസ്.സി.പി. ഫണ്ട് വിനിയോഗത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ ;

(സി) ഫണ്ട് വിനിയോഗത്തിലുണ്ടായിട്ടുള്ള കുറവിന് ആനുപാതികമായി എസ്.സി.പി. ഫണ്ട് വകയിരുത്തുന്നതിൽ നിലവിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>വിമുക്തഭടന് വീട്ടുകരം ഒഴിവാക്കൽ</u>

3229 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടൻ താമസിക്കുന്ന വീടിന് ഗ്രാമപഞ്ചായത്ത് കരം ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ശുദ്ധജലവിതരണ പദ്ധതികൾ</u>

T3230 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര കിണറുകൾ കുഴിക്കുവാനായി ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതേ കാലയളവിൽ ശുദ്ധജലവിതരണ പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) എത്ര പദ്ധതികൾ പൂർത്തീകരിക്കുകയുണ്ടായി; വിശദവിവരം നൽകുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

വള്ളിക്കുന്ന് മണ്ഡലത്തിലെ പഞ്ചായത്തുകളുടെ വിഭജനം

3231 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, പള്ളിക്കൽ, വള്ളിക്കുന്ന് എന്നീ പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കണം എന്ന ആവശ്യം പരിഗണനയിൽ വന്നിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ മുന്നോട്ടുവരാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡീലിമിറ്റേഷൻ കമ്മീഷൻ നിലവിൽ വരുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ നടപടി സ്വീകരിക്കുന്നതിന് തയ്യാറാവുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്ക് പെൻഷൻ

3232 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>കെ. എ. ജയപ്രകാശിന്റെ ആശ്രിതയ്ക്ക് നിയമനം</u>

3233 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർവ്വീസിലിരിക്കെ അന്തരിച്ച ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ. എ. ജയപ്രകാശിന്റെ ആശ്രിത ശ്രീമതി ഷർളിക്ക് ജോലി നല്കുന്നത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ</u>

3234 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) ജീവനക്കാരുടെ കുറവ്കാരണം ജനങ്ങൾക്ക് ദൈനംദിന സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസവും വിവിധ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലുള്ള കാലതാമസവുമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ കുറവ്

3235 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ നിന്നും സേവനം ലഭിക്കേണ്ട വിഷയങ്ങളിൽ ജീവനക്കാരുടെ കുറവ് കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് സ്വതന്ത്ര ചുമതല നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പത്ത് വർഷം സർവ്വീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) പഞ്ചായത്തുകളിലെ ജീവനക്കാർക്ക് സർക്കാർ ട്രഷറിയിൽ നിന്നും ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ജോലി</u>

3236 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പുതുതായി രൂപീകരിച്ച അസി. സെക്രട്ടറി തസ്തികയുടെ ജോലി സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിലെ അസി. സെക്രട്ടറിമാരെ ഇംപ്ലിമെന്റേഷൻ ഓഫീസർമാരായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രവൃത്തികളുടെ ഇംപ്ലിമെന്റേഷൻ ഓഫീസറായാണ് നിയമിച്ചിരിക്കുന്നത്;

(സി) അസിസ്റ്റന്റ് സെക്രട്ടറിമാരില്ലാത്ത പഞ്ചായത്തുകളിൽ പ്രസ്തുത ജോലി ഏതു ജീവനക്കാരന്റെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പാർട്ട്ടൈം കണ്ടിജന്റ് നിയമനത്തിൽ വിട്ടുപോയവരെ ഉൾപ്പെടുത്തുവാൻ നടപടി

3237 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് ആദ്യത്തെ ലിസ്റ്റിൽ നിന്നും വിട്ടുപോയ അർഹരായ എത്ര ജീവനക്കാരുടെ പട്ടിക തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നെന്ന് അറിയിക്കാമോ; അതിൽ എത്ര പേർക്ക് നിയമന ഉത്തരവായിയെന്ന് അറിയിക്കാമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരത്തിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീമതി എൻ. വി. ഗീതയുടെ നിയമനം സ്ഥിരപ്പെടുത്തണമെന്ന കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ഉണ്ടായിട്ടും നിയമനം നീണ്ടുപോകുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ഗ്രാമീണ ലൈബ്രറികളിലെ പാര്‍ട്ട്ടൈം ലൈബ്രേറിയന്‍മാരുടെ അലവന്‍സ്</u>

3238 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തുകളിലെ ഗ്രാമീണ ലൈബ്രറികളിലെ പാര്‍ട്ട്ടൈം ലൈബ്രേറിയന്മാരുടെ അലവന്‍സ് വര്‍ദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നല്കിയ നിവേദനത്തിന്മേല്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവരുടെ അലവന്‍സ് വര്‍ദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>വൈക്കം താലൂക്കിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താത്കാലിക ജീവനക്കാരെ സംബന്ധിച്ച വിവരം</u>

3239 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര താത്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തികയും പഞ്ചായത്തും തിരിച്ച് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താത്കാലിക ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണോ വേതനം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തുടർച്ചയായി പത്ത് വർഷത്തിലധികം താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>കുടംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് സ്ഥിരം വിപണന കേന്ദ്രം</u>

3240 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വില്ക്കുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ ഒരു സ്ഥിരം വിപണന കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; അതിന് വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കൽ</u>

3241 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. ദാസൻ
,, ആർ. രാജേഷ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ഏതൊക്കെ ക്ഷേമ പെൻഷനുകൾക്കാണ് കുടിശ്ശിക വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കി യഥാസമയം കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത ക്ഷേമ പെൻഷനുകൾക്കായി പ്രതീക്ഷിക്കുന്ന മൊത്തം ചെലവെത്ര; ബജറ്റിൽ വകയിരുത്തിയ തുക എത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>'മംഗല്യനിധി'</u>

T3242 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാവപ്പെട്ടവരെ സഹായിക്കുന്നതിനായി 'മംഗല്യനിധി' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(സി) ഈ തുക ആർക്കെങ്കിലും നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര തുക ഓരോ ആൾക്കും നൽകിയിട്ടുണ്ടെന്നും ഇവരുടെ മേൽവിലാസം അടങ്ങുന്ന ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനം</u>

3243 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ.വി. അബ്ദുൾ ഖാദർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ വിവിധ സാമൂഹ്യ വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകരിച്ച സാമൂഹ്യസുരക്ഷാ മിഷന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ബി) മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്; നിഗമനങ്ങൾ എന്തെല്ലാമായിരുന്നു;

(സി) മിഷനിൽ ഇതിനിടെ നടത്തിയ നിയമനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങൾ എന്തെല്ലാമാണ്; ഇതേക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ;

(ഡി) മിഷനിൽ റിക്രൂട്ട്മെന്റ് റൂൾസ് നിലവിലുണ്ടോ; പി.എസ്.സി വഴിയോ താല്ക്കാലിക ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്താതിരുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയോ അല്ലാത്ത നിയമനങ്ങൾ എല്ലാം റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>'ആശ്രയ' പദ്ധതി</u>

3244 ശ്രീ. വി. ഡി. സതീശൻ
'' എം. പി. വിൻസെന്റ്
'' വി. റ്റി. ബൽറാം
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആശ്രയ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) സമൂഹത്തിലെ അശരണരായ വിധവകൾക്കും മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>നിർഭയ ഷെൽട്ടർ</u>

3245 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>ജെൻഡർ പാർക്ക്</u>

3246 ശ്രീ. ആർ. സെൽവരാജ്
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സർവ്വതോൻമുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>'സ്നേഹപൂര്‍വ്വം' പദ്ധതി - ഉദ്ദേശലക്ഷ്യങ്ങളും മാനദണ്ഡവും</u>

3247 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'സ്നേഹപൂര്‍വ്വം' പദ്ധതിയില്‍ ഉള്‍പ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ വര്‍ഷം സ്നേഹപൂര്‍വ്വം പദ്ധതിയില്‍ ഉള്‍പ്പെടുന്നതിനായി എത്ര അപേക്ഷകള്‍ ലഭിച്ചു, എത്ര പേര്‍ക്ക് ധനസഹായം അനുവദിച്ചു എന്നീ കാര്യങ്ങള്‍ ജില്ല അടിസ്ഥാനത്തില്‍ വിശദീകരിക്കാമോ ;

(സി) അര്‍ഹതപ്പെട്ടവര്‍ ഏറെയുണ്ടെങ്കിലും അപേക്ഷകള്‍ കുറയുന്നുവെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) അര്‍ഹതപ്പെട്ട വിദ്യാര്‍ത്ഥികള്‍ക്കെല്ലാം സ്കൂള്‍ മുഖാന്തിരം അപേക്ഷാഫോം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സ്നേഹപൂര്‍വ്വം പദ്ധതി</u>

3248 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യസുരക്ഷാമിഷന്‍ മുഖേന നടപ്പിലാക്കുന്ന, മാതാപിതാക്കളില്ലാത്ത വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് നല്‍കുന്ന, സ്നേഹപൂര്‍വ്വം പദ്ധതിയുടെ വിശദാംശങ്ങള്‍ നല്കാമോ;

(ബി) കഴിഞ്ഞ അധ്യയനവര്‍ഷം ഈ പദ്ധതിയില്‍ എത്ര അപേക്ഷകള്‍ ലഭിച്ചു; എത്ര പേര്‍ക്ക് സ്കോളര്‍ഷിപ്പ് നല്കി;

(സി) സ്നേഹപൂര്‍വ്വം പദ്ധതിയില്‍ അപേക്ഷിച്ച പല വിദ്യര്‍ത്ഥികള്‍ക്കും സ്കോളര്‍ഷിപ്പ് വൈകുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>സ്നേഹപൂർവ്വം പദ്ധതിപ്രകാരമുള്ള അപേക്ഷകൾ</u>

3249 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതാവോ, പിതാവോ മരണപ്പെട്ട് അനാഥരായ നിർദ്ധന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ സംരക്ഷണാർത്ഥം നടത്തിവരുന്ന സ്നേഹപൂർവ്വം പദ്ധതിയിലൂടെ നാളിതുവരെയായി എത്ര കുട്ടികൾക്കാണ് സഹായങ്ങൾ നൽകിയിട്ടുള്ളത്; ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ഇനിയും എത്ര അപേക്ഷകളാണ് തീർപ്പാക്കുന്നതിലേക്കായി കെട്ടിക്കിടക്കുന്നത്; വ്യക്തമാക്കുമോ; എങ്കിൽ ടി അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

വീ-കെയർ പദ്ധതിപ്രകാരമുള്ള ധനസഹായം

3250 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് ദുർബല ജനവിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വി കെയർ പദ്ധതി പ്രകാരം എത്ര പേർക്ക് നാളിതുവരെ ധനസഹായം അനുവദിച്ചു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) 2014-15 വർഷത്തിൽ എത്ര പേർക്ക് ധനസഹായം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; എത്ര അപേക്ഷകൾ പെന്റിംഗ് ഉണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങൾക്കുള്ള സാമ്പത്തിക സഹായം</u>

3251 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾ ചെറുസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായത്തിനുവേണ്ടി ബ്ലേഡുകാരെയും വട്ടിപ്പലിശക്കാരെയും ആശ്രയിച്ച് കടക്കെണിയിലാകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വായ്പകൾക്ക് ബാങ്ക് നിഷ്ക്കർഷിക്കുംവിധം പ്രോജക്ടുകൾ തയ്യാറാക്കാനും മറ്റുമുള്ള പരാധീനതകളാണ് ഈ സ്ഥിതി വിശേഷത്തിന് കാരണമെന്നകാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ ചെറുതൊഴിൽ സംരംഭങ്ങൾക്ക് എളുപ്പത്തിൽ വായ്പ ലഭ്യമാക്കാനും ബ്ലേഡ് സംഘത്തിന്റെ കെണിയിൽപ്പെടാതിരിക്കാനുമുള്ള മുൻകരുതൽ സ്വീകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

കുടുംബശ്രീ പ്രവർത്തകർക്ക് ഹോംനേഴ്സിംഗ് ട്രെയിനിംഗ്

3252 ശ്രീ.ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് ഹോം നേഴ്സിംഗ് രംഗത്തേക്ക് പ്രവേശിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രോഗപരിചരണത്തിനും വയോജനങ്ങൾക്ക് സഹായമെത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

സ്നേഹിത പദ്ധതി

3253 ശ്രീ. എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആർക്കെല്ലാമാണ് പദ്ധതി വഴി സഹായം ലഭിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് സ്ത്രീകൾക്ക് ഈ പദ്ധതി മുഖേന ലഭ്യമാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനം</u>

3254 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തുടനീളം ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>അനാഥ സംരക്ഷണ പദ്ധതി</u>

3255 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സാഹചര്യങ്ങളിൽ അനാഥത്വമനുഭവിക്കുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ രൂപം നൽകിയിട്ടുണ്ടോ;

(ബി) അനാഥാലയങ്ങളുടേയും മറ്റ് ക്ഷേമ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ വിലയിരുത്തുവാനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും ജില്ലാതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അനാഥ സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങൾക്ക് അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ</u>

T3256 ശ്രീ. കെ രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് വഴി സന്നദ്ധസംഘടകൾ നടത്തുന്ന അനാഥാലയങ്ങൾക്ക് കഴിഞ്ഞ മൂന്ന് വർഷമായി അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ നൽകുന്ന ധനസഹായം അനുവദിക്കപ്പെട്ട പദ്ധതികൾക്കുവേണ്ടി പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സന്നദ്ധസംഘടനകൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതിന്റെ വിനിയോഗത്തെ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ മറവിൽ മനുഷ്യക്കടത്ത്</u>

3257 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളിലും, അഗതി മന്ദിരങ്ങളിലും നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരായി എന്തു നടപടി സ്വീകരിച്ചു വെന്നു വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തി അവയ്ക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുവാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളും സാമ്പത്തിക സഹായവും</u>

3258 ശ്രീ. ചിററയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത അനാഥാലയങ്ങളിലെ അന്തേവാസികളുടെ എണ്ണം ആൺ/പെൺ ഇനംതിരിച്ച് പ്രായപൂർത്തിയായവരുടേയും പ്രായപൂർത്തിയാകാത്തവരുടേയും വെവ്വേറെ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) നിയമാനുസൃതമല്ലാതെ പ്രവർത്തിച്ചുവരുന്നതുമായി ബന്ധപ്പെട്ട് എത്ര കേന്ദ്രങ്ങൾക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) അനാഥാലയങ്ങളിൽ ലഭ്യമാകുന്ന തദ്ദേശ/വിദേശ സാമ്പത്തിക പ്രോജക്ടുകളിൽ നിന്നുമുള്ള വരുമാന ലഭ്യത കണക്കാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളെ നിയന്ത്രിക്കാൻ അതോറിറ്റി</u>

3259 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളെ നിയന്ത്രിക്കുവാനും അവർക്ക് രജിസ്ട്രേഷൻ നൽകുന്നതിനും, പുതുക്കുന്നതിനും വ്യവസ്ഥാപിതമായി ഏതെങ്കിലും ഏജൻസിയോ, കൺട്രോൾ ബോർഡോ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് എന്ന് മുതൽ പ്രവർത്തിക്കുന്നുവെന്നും, ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ;

(സി) ഇവയുടെ പ്രവർത്തന മേഖലയും, ഉദ്ദേശ്യലക്ഷ്യങ്ങളും, അധികാരവും വിശദമാക്കുമോ;

(ഡി) ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ഇ) ഇത്തരത്തിൽ ഒരു ബോർഡ് ഉണ്ടായിരിക്കേ മറ്റ് ഏജൻസികൾ അനാഥ, അഗതി മന്ദിരങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് സംബന്ധിച്ച് ഒരു ഏകീകൃത അതോറിറ്റി ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ പ്രവർത്തനം</u>

3260

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(ബി) രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) അനാഥാലയങ്ങളിൽ ആർക്കൊക്കെയാണ് പ്രവേശനം നൽകുന്നതെന്നും ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോയെന്നും അറിയിക്കുമോ; ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തു സംവിധാനമാണ് സർക്കാരിനുള്ളത്;

(ഡി) വിവിധ പ്രായത്തിലുള്ളവരെ ഒരേ സ്ഥാപനത്തിൽ പ്രവേശനം നൽകിയാൽ ഇവരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഇ) ഇവർക്ക് പോഷകാഹാരം നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(എഫ്) രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇവയ്ക്കെതിരെ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

അനധികൃത അനാഥാലയങ്ങൾക്കെതിരെ നടപടി

3261 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ രജിസ്ട്രർ ചെയ്തതും, പ്രവർത്തിക്കുന്നതും ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങൾക്കുള്ള സർക്കാർ ധനസഹായം</u>

3262 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ എണ്ണവും പേരും ജില്ല തിരിച്ച് ലഭ്യമാക്കുമോ; സർക്കാർ ധനസഹായം ഇല്ലാതെ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പേര് വിവരം നൽകാമോ;

(ബി) സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഓരോ അനാഥാലയങ്ങൾക്കും കഴിഞ്ഞ അഞ്ചു വർഷം നൽകിയ ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ അനാഥാലയങ്ങളിലേയും അന്തേവാസികളിൽ കേരളത്തിൽ ജനിച്ചവർ എത്രയെന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ചേർന്നവർ എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നുചേർന്നിട്ടുള്ള അന്തേവാസികൾക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

സർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ

3263 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അംഗീകാരമുള്ള അനാഥാലയങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സർക്കാർ അംഗീകൃത അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികളെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>അനാഥാലയങ്ങളിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെകൊണ്ടുവരുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ ഇളവ്</u>

3264 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. രാജു
,, മുല്ലക്കര രത്നാകരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അനാഥാലയങ്ങളിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവരുന്നതു സംബന്ധിച്ചുള്ള ചട്ടങ്ങളിൽ ഇളവുകൾ വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലേക്ക് കുട്ടികളെ എത്തിച്ചത്
പരിശോധിക്കാൻ നടപടി</u>

3265 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജാർഖണ്ഡ് സംസ്ഥാനത്തെ കുട്ടികൾക്ക് വിദ്യാഭ്യാസവും ഭക്ഷണവും സൗജന്യമായിരിക്കെ അവിടെ നിന്നും കുട്ടികളെ സംസ്ഥാനത്തെ അനാഥാലയങ്ങളിലേക്ക് കൊണ്ടുവന്നത് മനുഷ്യകടത്താണ് എന്നതു സംബന്ധിച്ച് അന്വേഷണത്തിനെത്തിയ ജാർഖണ്ഡ് ഉന്നത ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലെ കുട്ടികളുടെ രേഖകൾ</u>

3266 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിലേക്ക് മറ്റു സംസ്ഥാനങ്ങളിൽനിന്നു കൊണ്ടുവന്നിട്ടുള്ള കുട്ടികളുടെ രേഖകൾ ഇതുവരെ ഗവൺമെന്റ് വകുപ്പുകൾ പരിശോധിച്ചിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ കുട്ടികളെ കൊണ്ടുവന്നിട്ടുള്ള അനാഥാലയങ്ങൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് രേഖകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയ അന്തേവാസികളുടെ വിദ്യാഭ്യാസം</u>

3267 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്യസംസ്ഥാനങ്ങളിൽ നിന്നും അനാഥാലയങ്ങളിൽ ചേർന്നവർക്ക് സ്കൂൾ വിദ്യാഭ്യാസം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിൽ നിന്നും തിരിച്ചു പോയ കുട്ടികളെ സംബന്ധിച്ച വിവരം</u>

3268 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളിൽ നിന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര കുട്ടികൾ തിരിച്ചു പോയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ അനാഥാലയങ്ങളിൽ നിന്നാണെന്നും ആരൊക്കെയാണെന്നും ഇവർ എവിടേക്ക് പോയെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലെ പരിശോധന</u>

3269 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിൽ നിയമം നിഷ്ക്കർഷിച്ച ഏതെല്ലാം സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കാണ് പരിശോധന നടത്തുന്നതിന് അധികാരമുള്ളതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഏതെല്ലാം അനാഥാലയങ്ങളിൽ എത്ര തവണ വീതം നിയമാനുസൃതമായ പരിശോധന നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളെ സംബന്ധിച്ച റിപ്പോർട്ട്</u>

3270 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനാഥാലയങ്ങളിൽ എത്ര ആൺകുട്ടികളും എത്ര പെൺകുട്ടികളും പീഡിപ്പിക്കപ്പെട്ടതായി റിപ്പോർട്ടുണ്ടായിരുന്നെന്ന് വിശദമാക്കാമോ;

(ബി) എത്ര പേർ അനാഥാലയങ്ങളിൽ നിന്ന് ഒളിച്ചോടിയെന്നും, എത്ര പേർ ആത്മഹത്യ ചെയ്തെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

## കുടുംബനാഥൻ നഷ്ടപ്പെട്ട മൂന്ന് പെൺകുട്ടികളുടെ പഠനം പുനരാരംഭിക്കുന്നതിനു വേണ്ട നടപടി

3271 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ പഞ്ചായത്ത് അറയ്ക്കൽ ഇടയം കോളനിയിൽ കുടുംബനാഥൻ നഷ്ടപ്പെട്ട മൂന്ന് പെൺകുട്ടികൾ സ്കൂളിൽ പോകാൻ നിവൃത്തിയില്ലാതെ പഠനം ഉപേക്ഷിച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മാനസിക അസ്വസ്ഥതയുള്ളതായി പറയപ്പെടുന്ന കുട്ടികളുടെ അമ്മയ്ക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനും, കുട്ടികളുടെ പഠനം പുനരാരംഭിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ചൈൽഡ് ലൈൻ ഓഫ് ഇന്ത്യാ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം</u>

3272 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി.എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ക്ഷേമത്തിനായി കേരളത്തിൽ പ്രവർത്തിക്കുന്ന സർക്കാർ, സർക്കാർഇതര സ്ഥാപനങ്ങളും, സംവിധാനങ്ങളും ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ചൈൽഡ് ലൈൻ ഇന്ത്യാ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സംഘടനയ്ക്ക് നൽകിയ സാമ്പത്തിക സഹായം വർഷം തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അംഗന്‍വാടികളെ എല്‍.പി. സ്കൂളിന്റെ ഭാഗമാക്കാന്‍ നടപടി</u>

3273 ശ്രീ. വി.എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗന്‍വാടികളെ എല്‍.പി. സ്കൂളുകളുടെ ഭാഗമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പഠനങ്ങളോ റിപ്പോര്‍ട്ടുകളോ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം</u>

3274 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടുകൾ നൽകിയിട്ടും സ്വന്തമായി സ്ഥലമില്ല എന്ന കാരണത്താലും 5 സെന്റ് സ്ഥലമില്ല എന്ന കാരണത്താലും കെട്ടിടങ്ങൾ പണിയാനാവുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനുള്ള നടപടി</u>

3275 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഐ.സി.ഡി.എസ്. പ്രോജക്റ്റുകളുടെ കീഴിലുള്ള സ്വന്തമായി സ്ഥലം ഉള്ളതും എന്നാൽ കെട്ടിടം ഇല്ലാത്തതുമായ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ അംഗൻവാടികൾക്കാണ് കെട്ടിടം നിർമ്മിച്ചു നൽകുന്നതെന്നും എത്ര രൂപയാണ് കെട്ടിടം നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് ഇതിൽ ലഭ്യമാക്കുന്നതെന്നും ഉള്ള വിവരങ്ങൾ നൽകാമോ;

(സി) മാതൃകാ അംഗൻവാടി അനുവദിക്കുന്നതിനുള്ള നടപടി വിശദീകരിക്കാമോ;

(ഡി) ആർ.ഐ.ഡി.എഫ് ൽ ഉൾപ്പെടുത്തി അംഗൻവാടികെട്ടിടം നിർമ്മിക്കുന്ന നടപടി വിശദീകരിക്കാമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ</u>

3276 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികളുണ്ടെന്നും അതെവിടെയെല്ലാമാണെന്നും നമ്പരുൾപ്പെടെ വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ അംഗൻവാടികൾ

3277 ശ്രീ. ആർ രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾ എത്രയെന്നും അതിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

ചാത്തന്നൂർ മണ്ഡലത്തിലെ മാതൃകാ അംഗൻവാടികളുടെ നിർമ്മാണം

3278 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എത്ര മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിലേക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും, പ്രസ്തുത അംഗൻവാടികൾ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത അംഗൻവാടികൾക്കായി എത്ര രൂപ അനുവദിച്ചുവെന്നും, അംഗൻവാടികളുടെ നിർമ്മാണച്ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ;

(സി) ഈ മാതൃകാ അംഗൻവാടികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പട്ടാളക്കുന്ന് അംഗൻവാടി

3279 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒല്ലൂർ മണ്ഡലത്തിൽപെട്ട ഒല്ലൂക്കര ബ്ലോക്കിലെ പട്ടാളക്കുന്ന് അംഗൻവാടിയെ മാതൃക അംഗൻവാടിയായി മാറ്റുന്നതു സംബന്ധിച്ച് സാമൂഹ്യസുരക്ഷാ ഡയറക്ടറുടെ ഓഫീസിലെ നടപടി ഏതു ഘട്ടത്തിലാണ്?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>അംഗൻവാടികളുടെ പുനർനിർമ്മാണം</u>

3280 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ നബാർഡ് -ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം അംഗവൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും, കാലപ്പഴക്കംകൊണ്ട് പൊളിഞ്ഞു വീഴാറായതും പുനർനിർമ്മാണത്തിന് എസ്.എൽ.എസ്.സി. യുടെ അംഗീകാരം ലഭിച്ചതുമായ അംഗൻവാടികളുടെ പുനർനിർമ്മാണത്തിന് നബാർഡിന്റെ സഹായം ലഭ്യമായിട്ടുണ്ടോ ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിൽ നിന്നും അംഗൻവാടികൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>കണ്ണൂർ ജില്ലയിലെ പുതിയ അംഗൻവാടികൾ</u>

3281 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിൽ പുതുതായി എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്ന് പ്രോജക്ട് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടി നിമനങ്ങളിൽ താല്ക്കാലിക ജീവനക്കാർക്ക് മുൻഗണന</u>

3282 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിലെ സ്ഥിരം ജീവനക്കാർ ഹ്രസ്വ/ദീർഘ കാല അവധികളിൽ പ്രവേശിക്കുമ്പോൾ താല്ക്കാലികമായി ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് തുടർന്നുവരുന്ന ഒഴിവുകളിൽ മുൻഗണന നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ;

(ബി) ഇപ്രകാരം ജോലി ചെയ്തിരുന്നവരെ പരിഗണിക്കാതെ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണ് അംഗൻവാടികളിൽ നിയമനങ്ങൾ നടക്കുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലീവ് വേക്കൻസികളിൽ ജോലി ചെയ്യുന്നവർക്ക് തുടർന്നുവരുന്ന ഒഴിവുകളിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>കണിയാംമ്പറ്റ ചിൽഡ്രൻസ് ഹോമിന്റെ കെട്ടിട നിർമ്മാണം</u>

3283 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാംമ്പറ്റ ചിൽഡ്രൻസ് ഹോമിന്റെ പ്രവൃത്തി പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ സാങ്കേതികാനുമതി ലഭിക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതുവരെ കുട്ടികളെ സുരക്ഷിതവും സൗകര്യപ്രദവുമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>വയോജന നയം</u>

3284 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജന നയം രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് വയോജനങ്ങൾ എന്നും പുരുഷൻ, സ്ത്രീ എന്നിങ്ങിനെ തരംതിരിച്ച് വിശദമാക്കാമോ ;

(സി) വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളത് ;

(ഡി) വയോജനങ്ങളുടെ മാനസികോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനും ഊന്നൽ നല്കിക്കൊണ്ട് ഇവർക്ക് ഒത്തുകൂടാൻ പകൽവീടുപോലുള്ള പദ്ധതികൾ സർക്കാർ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>വയോജന നയം</u>

3285 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച വയോജന നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഇതു ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) വൃദ്ധസദനങ്ങളിലും അഗതിമന്ദിരങ്ങളിലും പ്രവേശിപ്പിക്കപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നടപടി</u>

T3286 ശ്രീ. പി. കെ. ബഷീർ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധരായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാതെ അനാഥരായി, ആശ്രയമില്ലാതെ നരകിക്കുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി വയോജന സംരക്ഷണ നിയമം നിലവിലുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) മക്കൾ ഉപേക്ഷിച്ച നിരാശ്രയരായ ഇത്തരം വൃദ്ധജനങ്ങളെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

വയോമിത്രം പദ്ധതി

3287 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതിയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരുടെ പേര് വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വയോമിത്രം ക്ലിനിക്കുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ചുമതല ആർക്കെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള ധനസഹായം

3288 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വലിയ വീട്ടിൽ ഹരിപ്രസാദ് കണ്ണാടിപ്പൊയിൽ പി.ഒ. എന്നവരുടെ മാതാവ് സുലോചനക്ക് ആശ്വാസകിരണം പദ്ധതി പ്രകാരം നൽകി വന്ന ധനസഹായം ഏത് തീയതി മുതലാണ് നിർത്തിവെച്ചത്;

(ബി) ധനസഹായം നിർത്തിവെക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ; ധനസഹായം തുടർന്നും ലഭിക്കാൻ അർഹതയുള്ള സാഹചര്യത്തിൽ മുൻകാല പ്രാബല്യത്തോടെ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിനു ചെലവായ തുക</u>

3289 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം പെൻഷനുകൾ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് ഓരോ ക്ഷേമപെൻഷൻ നൽകുന്നതിനും എന്തു തുക ചിലവഴിച്ചെന്ന് വിശദാമാക്കാമോ;

(സി) 2014 മെയ് മാസം 31 വരെ ഓരോ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും ഇനത്തിൽ എത്ര മാസത്തെ എന്തു തുക വീതം കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 11.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.